**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** **07-10-2021 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര വികസന സാധ്യതകളുള്ള ഗ്രാമീണ കേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിച്ച് ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസംകേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി ടൂറിസം പൊതുമരാമത്ത് വകുപ്പുമന്ത്രി യോഗം നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു.ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. |
| (ബി) | ചരിത്രപ്രാധാന്യമർഹിക്കുന്ന ആരാധനാലയങ്ങളെയും സ്ഥലങ്ങളെയും ബന്ധിപ്പിച്ച് നടപ്പിലാക്കുന്ന വിനോദസഞ്ചാര പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരം പദ്ധതികളിൽ ആവശ്യമായി വരുന്ന സ്ഥലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | വിനോദസഞ്ചാര വികസന പദ്ധതിയുടെ ഭാഗമായി പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളും ഗൃഹോപകരണങ്ങളും ശേഖരിച്ച് വിപണനകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | വിനോദസഞ്ചാര വികസന പദ്ധതികളുടെ ഭാഗമായി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്- കോഴിക്കോട്, വെള്ളാർ ക്രാഫ്റ്റ് വില്ലേജ് എന്നിവിടങ്ങളിൽ പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളും ഗൃഹോപകരണങ്ങളും ശേഖരിച്ച് പ്രദർശിപ്പിച്ച് വിപണനം നടത്തി വരുന്നു. ഇത്തരം പദ്ധതികളിൽ തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് അവരുടെ സേവനം തേടും. |
| (ഡി) | കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (ഡി) | കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെൻറ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇതുമൂലം വിനോദ സഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. കൂടാതെ വിവിധ തരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. കോവിഡ് ഒന്നാം തരംഗത്തിന് ശേഷം വിനോദസഞ്ചാരികളെ ആകർഷി ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി. ചെയ്ഞ്ച് ഓഫ് എയർ എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളുടെയും, പ്രിൻറ് മീഡിയകളിലൂടെയും, സമൂഹമാധ്യമ ങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ 1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ. റ്റി.റ്റി. ചാനൽ 2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്. 3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി 4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആൻഡ് ക്യാമ്പയിൻ 5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്റ്റിക്കൽ ക്യാമ്പയിൻ തദ്ദേശീയരെ ലക്ഷ്യമാക്കി കേരളം കാണാം എന്ന ക്യാമ്പയിൻ സമൂഹ്യ മാധ്യമങ്ങൾ ആവിഷ്കരിച്ച നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്ചൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരി മൂലമുണ്ടായ യാത്രനിയന്ത്രണങ്ങൾ നീക്കം ചെയ്തതിന് ശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ |

| | | | |
|---|---|---|---|
| | | | സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തി വരുന്നു. കേരളത്തിലേക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കു ന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. ഇത് കൂടാതെ നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ